## കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ആസ്തിവികസനം - മട്ടന്നൂർ നിയോജകമണ്ഡലം പ്രോജക്റ്റ് ഐ.ഡി.1580 നിടുംപൊയിൽ ബസ് സ്റ്റാന്റ് കോൺക്രീറ്റിംഗ് - കോളയാട് ഗ്രാമപഞ്ചായത്ത് - ഭരണാനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ)നം.3126/17/തസ്വഭവ തിരുവനന്തപുരം, തീയതി, 23.09.2017

വായന: -

1. 11/06/2012 ലെ സ.ഉ (അച്ചടി) 332/12/ധന നമ്പർ സർക്കാർ ഉത്തരവ്
2. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയറുടെ 25/06/2017 ലെ ഡി.ബി5-2263 / 17/സി.ഇ/തസ്വഭവ നമ്പർ കത്ത്.

### ഉത്തരവ്

കണ്ണൂർ ജില്ലയിലെ മട്ടന്നൂർ നിയോജകമണ്ഡലത്തെ പ്രതിനിധികരിക്കുന്ന ശ്രീ. ഇ.പി.ജയരാജൻ എം.എൽ.എ-യുടെ 2016-17 വർഷത്തെ ആസ്തിവികസന പദ്ധതിയിൽ നിന്നും കോളയാട് ഗ്രാമ പഞ്ചായത്തിലെ പ്രോജക്റ്റ് ഐ.ഡി.1580 നിടുംപൊയിൽ ബസ് സ്റ്റാന്റ് കോൺക്രീറ്റിംഗ് പ്രവൃത്തിയ്ക്ക് ആകെ അടങ്കൽ തുകയായ 47.50 ലക്ഷം (നാല്പത്തി ഏഴ് ലക്ഷത്തി അമ്പതിനായിരം രൂപ മാത്രം) രൂപയ്ക്ക് ഭരണാനുമതി ലഭിക്കുന്നതിന് വായന (2) പ്രകാരം തദ്ദേശ സ്വയംഭരണവകുപ്പ് ചീഫ് എൻജിനിയർ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി സർക്കാരിൽ സമർപ്പിച്ചിരുന്നു. അതോടൊപ്പം തന്നെ ചിറ്റാരിപ്പറമ്പ് ഗ്രാമപഞ്ചായത്തിലെ ബഡ്സ് സ്കൂൾ കെട്ടിട നിർമ്മാണം (25 ലക്ഷം) എന്ന പ്രവൃത്തി റദ്ദ് ചെയ്ത് ആ പ്രവൃത്തിക്ക് അനുവദിച്ചിട്ടുള്ള തുക കൂടി ഉൾപ്പെടുത്തി പ്രോജക്റ്റ് ഐ.ഡി.1580 നിടുംപൊയിൽ ബസ് സ്റ്റാന്റ് കോൺക്രീറ്റിംഗ് - കോളയാട് ഗ്രാമപഞ്ചായത്ത് എന്ന പ്രവൃത്തിക്ക് ആകെ അടങ്കൽ തുകയായ 47.50 ലക്ഷം രൂപ അനുവദിക്കുന്നതിനും ശ്രീ. ഇ.പി.ജയരാജൻ എം.എൽ.എ അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മട്ടന്നൂർ നിയോജകമണ്ഡലത്തെ പ്രതിനിധികരിക്കുന്ന ശ്രീ. ഇ.പി.ജയരാജൻ എം.എൽ.എ-യുടെ 2016-17 വർഷത്തെ ആസ്തിവികസന പദ്ധതിയിൽ നിന്നും ചിറ്റാരിപ്പറമ്പ് ഗ്രാമപഞ്ചായത്തിലെ ബഡ്സ് സ്കൂൾ കെട്ടിട നിർമ്മാണം (25 ലക്ഷം) എന്ന പ്രവൃത്തി റദ്ദ് ചെയ്ത് ആ പ്രവൃത്തിക്ക് അനുവദിച്ചിട്ടുള്ള തുക കൂടി ഉൾപ്പെടുത്തി കോളയാട് ഗ്രാമ പഞ്ചായത്തിലെ പ്രോജക്റ്റ് ഐ.ഡി.1580 നിടുംപൊയിൽ ബസ് സ്റ്റാന്റ് കോൺക്രീറ്റിംഗ് പ്രവൃത്തിയ്ക്ക് ആകെ അടങ്കൽ തുകയായ 47.50 ലക്ഷം രൂപയ്ക്ക് ( നാല്പത്തി ഏഴ് ലക്ഷത്തി അമ്പതിനായിരം രൂപ മാത്രം)വകുപ്പ്സംബന്ധമായ നടപടിക്രമങ്ങളും മുകളിൽ ഒന്നാമതായി വായിച്ച സർക്കാർ ഉത്തരവും പാലിക്കേണ്ടതാണ് എന്ന വ്യവസ്ഥയോടെ ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(........2

ആയത് സംബന്ധിച്ച് ചെലവ് '4515-00-800-96-പ്രോജക്ട്സ്അണ്ടർ എൽ.എ.സി. എ.ഡി. എസ് എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

എൻ. വിശ്രുതൻ ആചാരി

ജോയിന്റ് സെക്രട്ടറി

ശ്രീ.ഇ.പി.ജയരാജൻ എം.എൽ.എ(ആമുഖ കത്ത് സഹിതം)

ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയം ഭരണവകുപ്പ്, തിരുവനന്തപുരം

സെക്രട്ടറി, കോളയാട് ഗ്രാമപഞ്ചായത്ത്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ), കേരളം, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് (No.1073136(2)/NC-C3/2016/Fin. തീയതി: 29/07/2017.)

ത.സ്വ.ഭ.വ(ഒ.എസ്)വകുപ്പ്(ഡി.ബി.2/383/2017/ത.സ്വ.ഭ.വ)

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ